**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2743** **13-12-2022 - ൽ മറുപടിയ്ക്ക്**

**പെരുമ്പാവൂർ മണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ പെരുമ്പാവൂർ മണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ; | (എ) | 2022 - 23 സംരംഭക വർഷമായി ആചരിക്കുകയാണ്. അതിന്റെ ഭാഗമായി മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 9 ഇന്റേൺസുകളെ നിയമിക്കുകയും അവിടെയെല്ലാം തിങ്കൾ, ബുധൻ ദിവസങ്ങളിൽ സംരംഭകർക്കായി ഹെൽപ് ഡെസ്ക് സേവനം നൽകുകയും ചെയ്തുവരുന്നു. എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റിയിലും ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഒന്നിലധികം സംരംഭകത്വ ബോധവൽക്കരണ പരിപാടികളും ലോൺമേളയും സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ഗ്രാമസഭകളിലും വ്യവസായ വകുപ്പ് നൽകുന്ന സേവനങ്ങളെപ്പറ്റി അതാത് ഇന്റേൺസ് ബോധവൽക്കരണം നൽകുകയുണ്ടായി. വിവിധ ഡിപ്പാർട്ട്മെന്റുകളുടേതായ ലൈസൻസ് സേവനം സംരംഭകർക്ക് ഓൺലൈൻ ആയി ലഭ്യമാക്കുന്നതിലേക്കായി താലൂക്ക് വ്യവസായ ഓഫീസിൽ റിസോഴ്സ് പേഴ്സണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. താലൂക്ക് തലത്തിൽ ഇൻവെസ്റ്റേഴ്സ് മീറ്റ്, ഇ.ഡി.പി-കൾ, ഇ.ഡി ക്ലബുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കെ സ്വിഫ്റ്റ് കോമൺ അപ്ലിക്കേഷൻ ഫോം മുഖാന്തിരം വിവിധ വകുപ്പുകളുടെ അനുമതികൾ ലഭ്യമാകുന്നു. എല്ലാ ബ്ലോക്കുകളിലും വ്യവസായ വികസന ഓഫീസർമാരുടെ സേവനം സംരംഭകർക്കായി നൽകിവരുന്നു. അവരുടെ നേതൃത്വത്തിൽ ബ്ലോക്ക് തല സംരംഭകത്വ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ച് വരുന്നു. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ പ്രകാരം ബാങ്ക് ലോൺ ലഭ്യമാക്കി വരുന്നു. സൂക്ഷ്മ ചെറുകിട |

| | | | |
|---|---|---|---|
| | | | ഇടത്തരം വ്യവസായങ്ങൾക്ക് ഉദ്യം രജിസ്ട്രേഷൻ നൽകിവരുന്നു. |
| (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി മണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | 815 വ്യവസായ സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചു. |
| (സി) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ മണ്ഡലത്തിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും പ്രസ്തുത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | 1057 സംരംഭങ്ങൾ തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 728 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. നിലവിൽ 68.87% ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ